ശ്രീ. ടി. എം. ജേക്കബ്: ഈ രാജ്യത്തെ നശിപ്പിക്കാനല്ല നന്നാക്കാനാണ് ഈ ഗവൺമെൻറിന്റെ ആഗ്രഹം. ഗവൺമെൻറ് എടുത്തിരിക്കുന്ന നടപടികളും വിദ്യാഭ്യാസ രംഗത്ത് ഗുണകരമായവിധത്തിൽ മാറ്റങ്ങളുണ്ടാക്കുമെന്നുള്ള ഉത്തമബോദ്ധ്യം ഗവൺമെൻറിനുണ്ട്. ഗവൺമെൻറിന് നയപരമായ തീരുമാനമെടുക്കാനുള്ള അവകാശമുണ്ട്. പ്രീഡിഗ്രി ബോർഡ് കേരളത്തിൽ നടപ്പിലാക്കണമെന്നു പറഞ്ഞ് എടുത്തിട്ടുള്ള തീരുമാനത്തിൽനിന്ന് ഒരിഞ്ചുപോലും പിറകോട്ടു പോകുന്ന പ്രശ്നമില്ല.

(ii) രേഖാമൂലം നൽകുന്ന ഉത്തരങ്ങൾ

യുവജനക്ഷേമ ബോർഡ്

* 144 [146] ശ്രീ. ടി.കെ. അറുമുഖൻ:

,, കെ.പി. അരവിന്ദാക്ഷൻ:

,, കെ. പുരുഷോത്തമൻ:

,, വി.ജെ. തങ്കപ്പൻ:

,, എം. ജിനദേവൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തു രൂപീകരിക്കപ്പെട്ട യുവജനക്ഷേമ ബോർഡിന്റെ പ്രവർത്തനങ്ങൾ എന്തൊക്കെയാണ്;

(ബി) ഇതിൽ യുവജന സംഘടനകൾക്കു പ്രാതിനിധ്യമുണ്ടോ;

(സി) ഇല്ലെങ്കിൽ കാരണമെന്ത്?

വിദ്യാഭ്യാസ വകുപ്പു മന്ത്രി (ശ്രീ. ടി. എം. ജേക്കബ്):

(എ) യുവജനക്ഷേമ ബോർഡിന്റെ പ്രധാനപ്രവർത്തനങ്ങൾ താഴെപറയുന്നവയാണ്.

1. യുവാക്കൾക്കു തൊഴിൽമേഖലകൾ കണ്ടെത്തുക.
2. സ്വയം തൊഴിലിൽ ഏർപ്പെടാൻ വേണ്ട പരിശീലനം നൽകുക.
3. അനൗപചാരിക വിദ്യാഭ്യാസവും വയോജനവിദ്യാഭ്യാസവും പ്രചരിപ്പിക്കുക.
4. കലയും സംസ്കാരവും പരിപോഷിപ്പിക്കുക.
5. കായികാഭ്യാസങ്ങൾക്കു പ്രചാരണം നൽകുക.
6. സാമൂഹ്യ ദുരാചാരങ്ങൾ നിർമ്മാർജ്ജനം ചെയ്യുക.
7. സാമൂഹ്യസേവനരംഗങ്ങളിൽ പ്രവർത്തിക്കാൻ അവസരവും പ്രോൽസാഹനവും നൽകുക.

LIBRARY ARCHIVES Kerala Legislative Assembly

8. മതസൗഹാർദ്ദം പരിപോഷിപ്പിക്കുക.

9. ജീവിതമൂല്യങ്ങളും സനാതനമൂല്യങ്ങളും ഉയർത്തിക്കാട്ടുകയും അവ പ്രചരിപ്പിക്കാൻ പ്രേരണ നൽകുകയും ചെയ്യുക.

10. ദേശീയോദ്ഗ്രഥനം നിലനിർത്താനും ശക്തിപ്പെടുത്താനും പരിശ്രമിക്കുക.

11. യുവജനങ്ങളുടെ സാഹസികവും ധീരവുമായ പ്രവർത്തനങ്ങളെ പ്രോൽസാഹിപ്പിക്കുക.

(ബി) ഉണ്ട്.

(സി) ഉദിക്കുന്നില്ല.

പുതിയ പാലം പണി

* 145 [147] ശ്രീ. ടി.കെ. ഹംസ:

ശ്രീമതി കെ.ആർ. ഗൗരി:

ശ്രീ. എൻ. ചന്ദ്രശേഖരക്കുറുപ്പ്:

,, എസ്. ഗോവിന്ദക്കുറുപ്പ്:

,, ടി.കെ. അബ്ദു: താഴെ കാണുന്ന ചോദ്യത്തിന് ഉപമുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

ഈ സാങ്കേതിക വർഷത്തിൽ പുതിയ പാലങ്ങളുടെ പണി ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ?

ഉപമുഖ്യമന്ത്രി (ശ്രീ. കെ. അവുക്കാദർകുട്ടി നഹ):

ഉണ്ട്.

ജസ്റ്റിസ് നാരായണ പിള്ള കമ്മീഷൻ

* 146 [148] ശ്രീ. പി.എം. അബൂബക്കർ:

,, കൊരമ്പയിൽ അഹമ്മദ് ഹാജി:

,, പി.കെ. കുഞ്ഞാലിക്കുട്ടി:

,, പി. സീതിഹാജി:

,, കെ.പി.എ. മജീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പിന്നോക്ക സമുദായങ്ങൾക്ക് കുമാരപിള്ള കമ്മീഷൻ നിശ്ചയിച്ച സംവരണാനുകൂല്യത്തെക്കുറിച്ചും മറ്റും റിവ്യൂ ചെയ്യുന്നതിന് നിയോഗിച്ച ജസ്റ്റിസ് നാരായണ പിള്ള കമ്മീഷൻ റിപ്പോർട്ട് എന്ന് നൽകാനാണ് ഗവൺമെൻറ് ആവശ്യപ്പെട്ടിട്ടുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly